"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-Self Employed Womens Association (SEWA)-യുടെ തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സേവ ഗ്രാമീണ കേന്ദ്രത്തിന്റെ 2021-22 കാലയളവിലെ വേക്കൻസി റമിഷൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2782/2022/LSGD തീയതി,തിരുവനന്തപുരം, 10-11-2022

---

പരാമർശം:- 1. 01.05.2022 തീയതിയിൽ SEWA സെക്രട്ടറി സർക്കാരിൽ സമർപ്പിച്ച നിവേദനം.

2. വിളപ്പിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.09.2022 തീയതിയിലെ എ3-6567/22 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

Self Employed Womens Association (SEWA)-യുടെ തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സേവ ഗ്രാമീണ കേന്ദ്രത്തിന്റെ 2021-22 കാലയളവിലെ 32,716/- രൂപയുടെ കെട്ടിട നികുതി ഇളവ് ലഭിക്കുന്നതിനു വേണ്ടി പരാമർശം (1) പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു.

2) വിളപ്പിൽ ഗ്രാമപഞ്ചായത്തിൽ നൂലിയോട് വാർഡിൽ പ്രസിഡന്റ്, സേവ, നൂലിയോട് എന്നവരുടെ ഉടമസ്ഥതയിലുള്ള 8/296 മുതൽ 8/301 വരെയുള്ള 6 കെട്ടിടങ്ങൾക്ക് 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലായി 63,386/- രൂപ (പലിശ കണക്കാക്കാതെ) നികുതി അടവാക്കാനുള്ളതായും കുടിശ്ശിക ഇനത്തിലുള്ള 32,176/- രൂപ അടവാക്കുന്നതിനായി ഓഫീസിൽ നിന്നും അരിയർ ഡിമാന്റ് നോട്ടീസ് കൊടുത്തിട്ടുള്ളതാണെന്നും ഉപയോഗമില്ലാതെ കിടക്കുന്ന കെട്ടിടങ്ങൾക്ക് കരം കുറച്ച് നൽകുന്നതിനായി അതാത് സാമ്പത്തിക വർഷങ്ങളിൽ ടി സംഘടന പഞ്ചായത്തിൽ വേക്കൻസി റമിഷൻ അപേക്ഷ നൽകിയിട്ടില്ല എന്ന് വിളപ്പിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിളപ്പിൽ ഗ്രാമപഞ്ചായത്തിൽ നൂലിയോട് വാർഡിൽ SEWA-യുടെ ഉടമസ്ഥതയിലുള്ള 8/296 മുതൽ 8/301 വരെയുള്ള 6 കെട്ടിടങ്ങൾക്ക് 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ വേക്കൻസി റമിഷൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. വേക്കൻസി റമിഷൻ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നികുതിയിളവിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

PTO